Talented Bankers Literary Panel
പുസ്തക പരിചയം 286

അപ്പൻ
എസ് ഹരീഷ്

പുസ്തകം പരിചയപ്പെടുത്തുന്നത്,
അഭിലാഷ് പി
ബാങ്ക് ഓഫ് ബറോഡ

നിർത്താതെ യാത്ര ചെയ്യുന്ന കഥകൾ.
അങ്ങനെയാണ് ഓരോ കഥകളും അനുഭവപ്പെട്ടത്.
മറ്റൊന്ന് കൂടി തോന്നി. ഇപ്പോഴേ തിരക്കഥയ്ക്ക് പാകമാണ് ഓരോ കഥകളും.
ഹരീഷിന്റെ കഥാ സമാഹാരം 'അപ്പൻ ' വായിക്കുകയായിരുന്നു.
അദ്ദേഹത്തിന്റെ മൂന്നാമത്തെ കഥാ സമാഹാരമാണ്.
അതിലെ ആദ്യ കഥയാണ് അപ്പൻ. ഫ്രാൻസിസിന്റെയും അപ്പൻ ലൂക്കാ സാറിന്റെയും കഥയാണ്..
കഥയിൽ തലമുറകളിലൂടെ മാറ്റമില്ലാതെ ഓടുന്ന തീവണ്ടിയാണ് അപ്പൻ -അച്ഛൻ ഭാവം - സ്വഭാവം എന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നു കഥാകാരൻ. തർക്കമുള്ള സംഗതിയാണ് അത്. തർക്കമില്ലാത്ത വിഷയം എഴുത്തുകാരനും താല്പര്യപ്പെടുന്നില്ല. എന്നാൽ കഥയിൽ സമാന്തരമായി ഓടുന്ന മറ്റൊരു തീവണ്ടിയുണ്ട്. കഥാകാരന് കെ. പി. അപ്പൻ എന്ന നിരൂപകനോടുള്ള ആരാധനയാണ് അതിലെ ഇന്ധനം. ഒപ്പം മലയാള സിനിമാനടൻ സത്യൻ എന്ന സത്യനേശന്റെയും സൂചനകൾ. അസാമാന്യ ക്ഷമ വേണ്ട കഥയാണ് അപ്പൻ.
രണ്ടാമത്തെ കഥ "മോദസ്ഥിതനായങ്ങു വസിപ്പൂ ' വരി സൂചിപ്പിക്കുന്നത് പോലെ ശ്രീനാരായണ ഗുരുവിന്റെ ഒരു ഉദ്ധരണിയുടെ വിശകലനമാണ്.
ഈ ഒരു വരിയല്ലാതെ ഒരിടത്തും ഗുരുവിന്റെ പേരോ പരാമർശങ്ങളോ ഇല്ല.
എന്നാൽ ഈഴവ -നായർ സമുദായത്തിൽപ്പെട്ട രണ്ടുപേരുടെ വിവാഹ ആലോചനയിൽ ബന്ധുക്കളുടെ ഇടപെടലിൽ ഉയർന്നു വരുന്ന ജാതി അടയാളങ്ങളാണ് കഥാതന്തു.
'പൈഡ് പൈപ്പർ 'കരാട്ടെ മാസ്റ്റർ ചന്ദ്രന്റെയും അവധൂതനായ ഓനാച്ചന്റെയും മത്സരത്തിന്റെ കഥയാണ്.
'പ്ലേസ്കൂൾ ' ഒരേ സമയം റിയലിസ്റ്റിക് ആയതും സ്വപ്നജീവി ആയതുമായ രണ്ടു സ്ത്രീകളുടെ കഥയാണ്. ഒരു പ്ലേസ്കൂളിൽ നടക്കുന്ന കഥ. വളരെയധികം ഇഷ്ടപ്പെട്ടു. മനസ്സിൽ തട്ടുന്ന ആർദ്ര ഭാവങ്ങൾ നിറഞ്ഞ ഒരു കഥ ഹരീഷിൽ നിന്ന് വരുന്നത് ഇടയ്ക്കൊക്കെയാണ്. രാഷ്ട്രീയം തിരിഞ്ഞും മറിഞ്ഞും പടവെട്ടുന്ന കഥകളാണ് മിക്കതും. ഒപ്പം കേരളത്തിലെ ദളിത് ന്യൂനപക്ഷ ചരിത്രവും ഇത്രയധികം വിശദീകരിക്കുന്ന കഥകൾ സമകാലീനരിൽ കുറവാണ്.

'താത്തിത്തകോം തെയ് തെയ് തോം' മദ്യത്തിൽ മുങ്ങി ജീവിച്ച കോട്ടയത്തെ വേലകളിക്കാരൻ മുത്തച്ഛന്റെ ജീവിത കഥയുടെ ഹാസ്യ വിവരണമാണ്.
ഒരിക്കൽ വേലകളി കാണിച്ചു പുലിയുടെ മുമ്പിൽ നിന്ന് രക്ഷപെട്ട ആൾ വർഷങ്ങൾക്ക്

ശേഷം പുലി പിടിച്ചു മരിക്കുന്നു. ഹാസ്യം ഇടയ്ക്കൊക്കെ വല്ലാതെ മെലിയുന്നുണ്ടെങ്കിലും കഥ മനസ്സിൽ നിൽക്കുന്നു.
പുതിയ തലമുറ വിദ്യാഭ്യാസം നേടി സമ്പന്നമായതിനാൽ ജാതിയോ മതമോ പുറമെ നിന്ന് തിരിച്ചറിയാൻ കഴിയുന്നില്ല എന്നും അതുകൊണ്ടാണ് ഏറ്റവും പുതിയ തലമുറയിൽ ചിലർ ജാതി വാൽ എഴുതി ചുമക്കുന്നതെന്നും കഥാകാരൻ.! നല്ല നിരീക്ഷണമായി തോന്നി.
ഏറ്റവും ആകർഷിച്ച കഥ 'മാവോയിസ്റ്റ്' വായിച്ചപ്പോൾ കണ്ട സിനിമ 'ജല്ലിക്കട്ട്' ആണ് നിറയെ. തിരക്കഥയായി തന്നെ എഴുതിയ കഥ. സിനിമ ഒരു പടി കൂടി മുമ്പോട്ട് പോയി എന്ന് തോന്നുന്നു.
കഥകളുടെ അവസാനം തോന്നിയത് ഹരീഷ് ന്റെ അതിശക്തമായ തിരക്കഥ വരാനിരിക്കുന്നതേയുള്ളൂ.
ഇപ്പോഴുള്ള കഥകൾ എല്ലാം തന്നെ അതിലേക്കുള്ള വാതിലുകളാണ്.
ചില ഇടങ്ങളിൽ ചേരാതെ നിൽക്കുന്ന നർമ്മം കണ്ടതാണ് ഒരു ന്യൂനതയായി തോന്നിയത്.
അതും തിരക്കഥയാണെങ്കിൽ അനുവദനീയമായിരിക്കും.

പ്രസാധകർ - ഡി സി ബുക്സ്
വില - Rs.150/-